**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3225** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഉച്ചഭക്ഷണ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നീക്കിവെച്ച തുക എത്രയാണെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 567.64 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ഇതിൽ നിന്നും നാളിതുവരെ 393.8368 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് ലഭിക്കുന്നതെന്ന് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ അക്കാദമിക വർഷവും ഈ ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശം ഉൾപ്പടെ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ക്രമ നം \| സാമ്പത്തിക വർഷം \| ലഭിച്ച തുക (കോടിയിൽ)<br>1 \| 2016-2017 \| 172.9386<br>2 \| 2017-2018 \| 203.201<br>3 \| 2018-2019 \| 198.5663<br>4 \| 2019-2020 \| 199.6241<br>5 \| 2020-2021 \| 276.8882<br>6 \| 2021-2022 \| 184.8219<br>7 \| 2022-2023 \| 167.38 |
| (സി) | ഉച്ചഭക്ഷണ പദ്ധതിയിൽ കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി കോവിഡ് സമയത്ത് കുട്ടികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്ത ഇനത്തിൽ സപ്ലൈകോയ്ക്ക് 143.51 കോടി രൂപ കുടിശ്ശികയിനത്തിൽ നൽകേണ്ടതായുണ്ട്. ഇതിനു പുറമേ 2022ഡിസംബർ, 2023 ജനുവരി മാസങ്ങളിൽ പദ്ധതി നടത്തിപ്പിനായി പ്രധാനാദ്ധ്യാപകർ പാചകചെലവിനത്തിൽ അഡ്വാൻസ് ചെയ്ത 83.49 കോടി രൂപ കുടിശ്ശികയിനത്തിൽ വിതരണം ചെയ്യുവാനുണ്ട്. കൂടാതെ പാചകതൊഴി ലാളികളുടെ 2022ഡിസംബർ മാസത്തെ വേതനത്തിന്റെ ബാലൻസും 2023 ജനുവരി മാസത്തെ വേതനവും നൽകുന്നതിനായി 28.58 കോടി രൂപയും കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യുവാനുണ്ട്. |

സെക്ഷൻ ഓഫീസർ